മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733512

2023 ജനുവരി 27

# വാർത്താക്കുറിപ്പ്

---

## മഹാത്മാ ഗാന്ധി സർവകലാശാലയിൽ റിപ്പബ്ലിക് ദിനം ആഘോഷിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ദേശീയ പതാക ഉയർത്തി പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു.

രാജ്യത്തെ സമ്പൂർണ വികസിത രാജ്യമാക്കി മാറ്റുന്നതിൽ സർവകലാശാലകൾക്കും കോളജുകൾക്കും നിർണായക പങ്കുവഹിക്കാനുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സാമ്പത്തിക, സാമൂഹ്യ മേഖലകളിൽ ജനാധിപത്യ സംസ്കാരം വളർത്താൻ യുവ തലമുറ ജാഗ്രത പുലർത്തണം. വിദ്യാഭ്യാസ രംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന അതിവിപുലമായ മാറ്റങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള പരിശ്രമം ഉണ്ടാകണമെന്നും വൈസ് ചാൻസലർ നിർദേശിച്ചു.

പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ തുടങ്ങിയവർ പങ്കെടുത്തു. സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ് പരേഡിന് നേതൃത്വം നൽകി.

ആഘോഷങ്ങളുടെ ഭാഗമായി വിദ്യാർഥിനികളുടെ യോഗ പ്രകടനവും നടന്നു.

(പി.ആർ.ഒ./39/10 11/2023)

## ആദിവാസി സമൂഹത്തിൻറെ ക്ഷേമത്തിന് കൂടുതൽ പ്രാധാന്യം നൽകണം -ശിൽപ്പശാല

ആദിവാസി-ഗോത്രവിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്ന നടപടികൾക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്ന് ഊരു മൂപ്പൻമാർ നിർദേശിച്ചു.പശ്ചിമഘട്ടത്തിലെ ആദിവാസി-ഗോത്ര അധിവാസം എന്ന വിഷയത്തിൽ മഹാത്മാഗാന്ധി സർവകലാശാലയുടെ അന്തർ സർവകലാശാല സാമൂഹികശാസ്ത്ര ഗവേഷണകേന്ദ്രം മൂന്നാർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അവർ.

ആദിവാസികൾ പാരിസ്ഥിതികവും സാമൂഹികവുമായ ഒറ്റപ്പെടലുകൾ നേരിടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനവും വന്യമൃഗങ്ങളുടെ ശല്യവും ഗോത്ര മേഖലയിലെ കൃഷിയെ തകിടം മറിച്ചിരിക്കുന്നു. യുവാക്കളുടെയും കുട്ടികളുടെയും ഇടയിൽ ലഹരി ഉപയോഗം വർധിക്കുന്നത് ആദിവാസി സമൂഹത്തിൻറെ നിലനിൽപ്പിനു തന്നെ ഭീഷണിയുയർത്തുന്നു.

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ആദിവാസികളുടെ ക്ഷേമത്തിനും ആദിവാസി മേഖലകളുടെ വികസനത്തിനുമായി മാറ്റിവയ്ക്കുന്ന തുക യഥാസമയം വിനിയോഗിക്കുന്നു എന്ന് ഉറപ്പാക്കണം അവർ -അവർ നിർദേശിച്ചു.

അടിമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സോമൻ, ഇടുക്കി ജില്ലാ പഞ്ചായത്തംഗം രാജേന്ദ്രൻ, അടിമാലി ട്രൈബൽ ഡെവലപ്പ്മെൻറ് ഓഫീസർ നജീബ്, വിവിധ കുടികളിലെ മൂപ്പന്മാർ, എസ്. ടി. പ്രൊമോട്ടർമാർ തുടങ്ങിയവർ സംസാരിച്ചു. ഡോ. ക്രിസ്റ്റഫർ ഗുണ, ഡോ. അനിൽ ഗോപി, ഡോ. കെ. എം. സീതി, ഡോ. അജയ്, സാബു തോമസ്, ജൂബിൻ ജേക്കബ്, സുധീപ്, തൽഹത്ത് തുടങ്ങിയവർ ശിൽപ്പശാലയ്ക്ക് നേതൃത്വം നൽകി.

(പി.ആർ.ഒ./39/10 12/2023)

## എം.ടെക് ; സ്പോട്ട് അഡ്മിഷൻ 30 ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ നാനോ സയൻസ് ആൻറ് നാനോ ടെക്നോളജിയിൽ എം.ടെക് നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി (എ.ഐ.സി.ടി.ഇ അംഗീകൃതം) പ്രോഗ്രാമിൽ സീറ്റുകൾ ഒഴിവുണ്ട്.

എല്ലാ വിഭാഗങ്ങളിലുമുള്ള ഒഴിവുകളിലേക്കും സ്പോട്ട് അഡ്മിഷൻ ക്രമീകരിച്ചിട്ടുണ്ട്. പട്ടികജാതി, പട്ടിക വർഗ വിഭാഗത്തിലും മറ്റ് അർഹ വിഭാഗങ്ങളിലും പെട്ട വിദ്യാർഥികൾക്ക് ഫീസിളവുണ്ട്.

60 ശതമാനം മാർക്കോടെ ഫിസിക്സ്, കെമിസ്ട്രി, പോളിമർ സയൻസ്, ബയോടെക്നോളജി, നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി, ഇൻഡസ്ട്രിയൽ കെമിസ്ട്രി, ഇൻഡസ്ട്രിയൽ ഫിസികസ്, പോളിമർ കെമിസ്ട്രി എന്നിവയിൽ ഏതിലെങ്കിലും എം.എസ്.സി ബിരുദമോ കെമിക്കൽ എൻജിനീയറിംഗ്, മെക്കാനിക്കൽ എൻജിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻറ് കമ്മ്യൂണിക്കേഷൻസ്, പോളിമർ ടെക്നോളജി, ബയോടെക്നോളജി, നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി, മെറ്റലർജി, എൻജിനീയറിംഗ് ഫിസിക്സ്, ഇൻഡസ്ട്രിയൽ കെമിസ്ട്രി എന്നിവയിലേതിലെങ്കിലും ബി.ടെക് ബിരുദമോ ഉള്ളവർക്ക് അപേക്ഷിക്കാം.

യോഗ്യരായവർ അസ്സൽ രേഖകളുമായി ജനുവരി 30ന് രാവിലെ 10 ന് വകുപ്പ് ഓഫീസിൽ ഹാജരാകണം.

മികവു പുലർത്തുന്ന വിദ്യാർഥികൾക്ക് വിദേശ രാജ്യങ്ങളിൽ ഇൻറേൺഷിപ്പും പി.എച്ച്.ഡി. കോഴ്സിന് അവസരവും ലഭിക്കും. ഫോൺ: 9447709276, 9746237388.

(പി.ആർ.ഒ./39/10 13/2023)

## ഷോർട്ട് ടേം പ്രോഗ്രാം

ഡയറക്ടറേറ്റ് ഓഫ് അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (ഡി.എ.എസ്.പി) നടത്തുന്ന ഡിപ്ലോമ പ്രോഗ്രാമുകളായ ബേക്കറി ആൻറ് കോൺഫെക്ഷനറി, ഫുഡ് ആൻറ് ബിവറേജ് സർവീസ് ഓപ്പറേഷൻസ്, ലോജിസ്റ്റിക്സ് - സപ്ലൈ ചെയിൻ ആൻറ് പോർട്ട് മാനേജ്മെൻറ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ പ്രോഗ്രാമുകളായ ഡാറ്റാ ആൻറ് ബിസിനസ് അനലിറ്റിക്സ്, ഫുഡ് പ്രോസസിംഗ് ആൻറ് ക്വാളിറ്റി അഷ്വറൻസ് എന്നിവയ്ക്ക് അപേക്ഷ നൽകാം. പ്രായപരിധിയില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ(www.dasp.mgu.ac.in)

(പി.ആർ.ഒ./39/10 14/2023)

## പരീക്ഷാ പരിശീലനം

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ മാനവിക വിഷയങ്ങൾക്കായുള്ള യു.ജി.സി - നെറ്റ് / ജെ.ആർ.എഫ് പരീക്ഷയുടെ ജനറൽ പേപ്പറിനു വേണ്ടിയുള്ള സൗജന്യ ഓഫ്ലൈൻ പരിശീലന പരിപാടി ആരംഭിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 0481-2731025 എന്ന നമ്പറിൽ ബന്ധപ്പെടണം.

(പി.ആർ.ഒ./39/10 15/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ എം.ആർക്ക് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾ ഫെബ്രുവരി 15 ന് ആരംഭിക്കും. ഫെബ്രുവരി രണ്ടു വരെ അപേക്ഷ സമർപ്പിക്കാം.

പിഴയോടു കൂടി ഫെബ്രുവരി മൂന്നിനും സൂപ്പർഫൈനോടെ ഫെബ്രുവരി നാലിനും അപേക്ഷ സ്വീകരിക്കും. റഗുലർ വിദ്യാർഥികളും വീണ്ടും എഴുതുന്നവരും ഒരു പേപ്പറിന് 50 രൂപ നിരക്കിൽ (പരമാവധി 300 രൂപ) പരീക്ഷാ ഫീസിനൊപ്പം സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം. ടൈം ടേബിൾ വെബ്സൈറ്റിൽ.

...................................

ഒന്നാം വർഷ എം.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (2021 അഡ്മിഷൻ റഗുലർ, 2018,2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി, 2017 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്) പരീക്ഷകൾ ഫെബ്രുവരി 13 ന് ആരംഭിക്കും.

പിഴയില്ലാതെ ഫെബ്രുവരി ഒന്നു വരെയും പിഴയോടെ ഫെബ്രുവരി രണ്ടിനും സൂപ്പർഫൈനോടെ ഫെബ്രുവരി മൂന്നിനും അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/10 16/2023)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.വോക് അനിമേഷൻ ആൻഡ് ഗ്രാഫിക് ഡിസൈൻ (പുതിയ സ്കീം, 2021 അഡ്മിഷൻ റഗുലർ - ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 30 മുതൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

................................

അഞ്ചാം സെമസ്റ്റർ ബി.എ. കോർപറേറ്റ് ഇക്കണോമിക്സ് മോഡൽ 2 (2020 അഡ്മിഷൻ റഗുലർ, 2017,2018,2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 31 ന് പത്താമുട്ടം സെൻറ് ഗിറ്റസ് കോളേജിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/10 17/2023)

## പരീക്ഷാ ഫലം

2022 ഓഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി ബയോകെമിസ്ട്രി (റഗുലർ, സപ്ലിമെൻററി, റീ-അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓൺലൈനിൽ ഫെബ്രുവരി എട്ടു വരെ അപേക്ഷ നൽകാം.

............................

മൂന്നാം സെമസ്റ്റർ എം.എ ഇക്കണോമെട്രിക്സ് (പി.ജി.സി.എസ്.എസ്, 2020 അഡ്മിഷൻ റഗുലർ - ഏപ്രിൽ 2022) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓൺലൈനിൽ ഫെബ്രുവരി എട്ടു വരെ അപേക്ഷ നൽകാം.

................................

മൂന്നും നാലും സെമസ്റ്ററുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ സംസകൃതം സ്പെഷ്യൽ സാഹിത്യ, സെപ്റ്റംബർ 2021 പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

...............................

നാലാം സെമസ്റ്റർ എം.എസ്.സി ക്ലിനിക്കൽ ന്യൂട്രീഷൻ ആൻറ് ഡയറ്റെറ്റിക്സ് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി - ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓൺലൈനിൽ ഫെബ്രുവരി എട്ടു വരെ അപേക്ഷ നൽകാം.

...............................

നാലാം സെമസ്റ്റർ എം.എസ്.സി ഹോം സയൻസ് ബ്രാഞ്ച് 10 (ഡി) ഫാമിലി ആൻറ് കമ്മ്യൂണിറ്റി സയൻസ് (2020 അഡ്മിഷൻ റഗുലർ - ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓൺലൈനിൽ ഫെബ്രുവരി 13 വരെ അപേക്ഷ നൽകാം.

.............................

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൻറെ പത്താം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി (ഓണേഴ്സ്, 2017 അഡ്മിഷൻ റഗുലർ,2016 അഡ്മിഷൻ സപ്ലിമെൻററി - ഡിസംബർ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി 13 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

......................

2022 ആഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി ആർട്ടിഫിഷ്യൽ ഇൻറലിജൻസ് (റഗുലർ) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി എട്ടു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/10 18/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**